LIBRARY ARCHIVES Kerala Legislative Assembly

പ്രധാനമന്ത്രിയുടെ സ്വയംതൊഴിൽ പദ്ധതി

109 [1282] *ശ്രീ. പി. ജയരാജൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രിയുടെ സ്വയം തൊഴിൽ പദ്ധതിയിലൂടെ സംസ്ഥാനത്ത് എത്ര യുവതി യുവാക്കൾക്ക് 2001 ജൂൺ മാസത്തിനുശേഷം നാളിതുവരെ വായ്പ കൊടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഇത് ഏതെല്ലാം ജില്ലകളിലാണെന്നും ഓരോ ജില്ലയിലും ഓരോ സാമ്പത്തിക വർഷവും എത്രപേർക്ക് വായ്പ നൽകിയിട്ടുണ്ട് എന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ) പ്രധാനമന്ത്രിയുടെ സ്വയം തൊഴിൽ പദ്ധതിപ്രകാരം സംസ്ഥാനത്ത് 2001 ജൂൺ മാസത്തിനുശേഷം നാളിതുവരെ 54407 പേർക്ക് വായ്പ വിതരണം ചെയ്തിട്ടുണ്ട്.

(ബി) 30-6-2005 വരെ വിതരണം ചെയ്ത വായ്പയുടെ ജില്ല തിരിച്ചുള്ള കണക്ക് (എണ്ണം) അനുബന്ധമായി ചേർത്തിരിക്കുന്നു.†

സ്വയംതൊഴിൽ വായ്പാ പദ്ധതി പരിഷ്കരിക്കുവാൻ നടപടി

110 [1283] *ശ്രീ. കെ. കെ. ഷാജു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലില്ലാത്ത യുവജനങ്ങളെ സഹായിക്കുന്നതിനായി കൂടുതൽ സ്വയംതൊഴിൽ പദ്ധതികൾ ആവിഷ്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) കൂടുതൽ സബ്സിഡി നൽകി 5 ലക്ഷം രൂപവരെയെങ്കിലും സ്വയംതൊഴിൽ വായ്പ ലഭിക്കത്തക്കരീതിയിൽ സ്വയം തൊഴിൽ വായ്പാപദ്ധതി പരിഷ്കരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സ്വീകരിച്ചുവരുന്നു.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) വ്യവസായ വാണിജ്യവകുപ്പ് പ്രധാനമന്ത്രിയുടെ സ്വയംതൊഴിൽ പദ്ധതി (പി. എം. ആർ. വൈ.) എന്ന പേരിൽ ഒരു സ്വയം തൊഴിൽ പദ്ധതി കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ നടപ്പിലാക്കി വരികയാണ്. പ്രസ്തുത പദ്ധതി പ്രകാരം 8-ാം തരം വിജയിച്ച വാർഷിക വരുമാനം 40,000 രൂപവരെയുള്ള ജില്ലയിൽ മൂന്നു വർഷമെങ്കിലും സ്ഥിരതാമസമാക്കിയ 35 വയസ്സുവരെയുള്ള പുരുഷൻമാർക്കും 45 വയസ്സുവരെയുള്ള സ്ത്രീകൾക്കും അപേക്ഷിക്കാവുന്നതാണ്. പട്ടികജാതി പട്ടികവർഗ്ഗക്കാർ, വികലാംഗർ, വിമുക്തഭടൻമാർ എന്നിവർക്കും 45 വയസ്സു വരെ അപേക്ഷിക്കാവുന്നതാണ്. നേരിട്ടുള്ള കൃഷിയിറക്കൽ, വളം വാങ്ങൽ ഒഴികെ സാമ്പത്തിക ഉന്നമനം നൽകുന്ന ഏതൊരു സംരംഭവും ഈ പദ്ധതി പ്രകാരം തുടങ്ങാവുന്നതാണ്. ബാങ്കുകളാണ് ഈ പദ്ധതി പ്രകാരം വായ്പ അനുവദിക്കുന്നത്. വ്യവസായ സേവന മേഖലകളിൽ രണ്ടു ലക്ഷം രൂപവരെയുള്ള പദ്ധതികളും കച്ചവടമേഖലയിൽ ഒരു ലക്ഷം രൂപവരെയുള്ള പ്രോജക്ടുകളും ഒരു വ്യക്തിക്ക് ഇതുപ്രകാരം നടത്താവുന്നതാണ്. ഈ പദ്ധതിക്ക് കൂടുതൽ പ്രചാരം നൽകുന്നതിന് മാധ്യമങ്ങളിലൂടെ പരസ്യങ്ങളും നൽകുന്നു. മാത്രമല്ല അതാതു സ്ഥലങ്ങളിലെ തൊഴിൽ രഹിതരായ അഭ്യസ്തവിദ്യരെ സംഘടിപ്പിച്ചുകൊണ്ട് കൂട്ടായ്മയും ബോധവൽക്കരണ സെമിനാറുകളും സംഘടിപ്പിച്ചിരുന്നു. പരിശീലനം ആവശ്യമുള്ളവർക്ക് അവരവരുടെ അഭിരുചിക്കനുസരിച്ച് പരിശീലനം നൽകുന്നതിനുള്ള സഹായം നൽകുന്നു. ഈ പദ്ധതി പ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് 100.33% നേട്ടം കൈവരിച്ചിട്ടുണ്ട്.

(സി) വ്യവസായ വകുപ്പുവഴി ഇപ്പോൾ നടപ്പിലാക്കിവരുന്ന സ്വയം തൊഴിൽ പദ്ധതിയായ പ്രധാനമന്ത്രിയുടെ തൊഴിൽദാന പദ്ധതി (പി. എം. ആർ. വൈ.) കേന്ദ്ര സർക്കാർ പദ്ധതിയാണ്. നിലവിലുള്ള സബ്സിഡി 7500 രൂപയിൽ നിന്നും വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് കേന്ദ്ര സർക്കാരിന് അപേക്ഷ നൽകിയിരുന്നെങ്കിലും പരിഗണിച്ചിട്ടില്ല. പരമാവധി വായ്പാ തുക രണ്ടുലക്ഷം രൂപയിൽ നിന്നും കൂട്ടണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

അഗതികളുടെയും നിർദ്ധനരുടെയും ക്ഷേമത്തിനായി പ്രത്യേക പദ്ധതികൾ

111 [1284] *ശ്രീ. തോമസ് ചാഴികാടൻ:*

„ *റോഷി അഗസ്റ്റിൻ:*

„ *കെ. നാരായണക്കുറുപ്പ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പ് അഗതികളുടെയും നിർദ്ധനരുടെയും ക്ഷേമത്തിനായി പ്രത്യേക പദ്ധതികൾ നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly